(ഡി) ഇല്ല. പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകൾക്കും നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ഇ) ഇപ്രകാരം കൊല്ലുന്ന താറാവുകളിൽ 2 മാസവും അതിൽ കൂടുതലും പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് കർഷകരുടെ രേഖാമൂലമുള്ള പരാതികൾ ലഭിച്ചിട്ടില്ല. 300 രൂപ വീതം നഷ്ടപരിഹാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) താറാവുകളെ സംസ്കരിക്കുന്നതിനാവശ്യമായ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വഹിക്കുന്നത്.

(ജി) അമ്പലപ്പുഴ മണ്ഡലത്തിൽ പക്ഷിപ്പനി ബാധിച്ച് 4294 പക്ഷികൾ ചത്തു. (5-2-2014 വരെ) 36189 താറാവുകളെയും 895 കോഴികളെയും പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൊന്നു. ആകെ 21,30,400 രൂപ നഷ്ടപരിഹാരമായി കർഷകർക്ക് നൽകി. രോഗബാധ സ്ഥിരീകരിച്ച ഭാഗങ്ങളിലെ മുഴുവൻ പക്ഷികളെയും കൊന്ന് സംസ്കരിച്ചിട്ടുണ്ട്.

റബ്ബറിന്റെ വിലയിടിവ്

204 (3490) ശ്രീ. ജെയിംസ് മാത്യു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വിലയിടിവ് തടയാൻ സർക്കാർ സ്വീകരിച്ച നടപടിയിൽ റബ്ബർ കർഷകർക്ക് എത്രത്തോളം പ്രയോജനം ഉണ്ടായി എന്നത് വിശദമാക്കാമോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും റബ്ബർ കർഷകർക്ക് പ്രയോജനപ്രദമായ നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭ്യമായോ എന്നത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നു നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിയിലെ സ.ഉ.(എം എസ്.) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ നൽകി ആർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13-10-2014 തീയതിയിലെ സ.ഉ.(എം എസ്.) നമ്പർ 232/2014/കൃഷിപ്രകാരം ആർ.എസ്.എസ്.5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽ നിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6-11-2014 തീയതിയിലെ സ.ഉ.(എം എസ്.) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെ 'വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) 2014-15' എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 27-11-2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

(ബി) റബ്ബർ സ്റ്റോക്കിന്റെയും കമ്മിയുടേയും കണക്കുകൾ ശരിയല്ലായെന്ന പരാതി കാരണം ഈ പ്രശ്നം പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുവാൻ എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയുടെ കീഴിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കും എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുവാൻ കേന്ദ്ര വാണിജ്യ വകുപ്പ് കേന്ദ്ര വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിനേറുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക എന്ന ആവശ്യം എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയിൽ ചർച്ച ചെയ്യുന്നതാണ് എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം പരിഗണിക്കുവാൻ കേന്ദ്ര വാണിജ്യ വകുപ്പ്, കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന നിർദ്ദേശം റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങൾക്കും ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്.

റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക എന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര ധനകാര്യ വകുപ്പിനോട് പരിഗണിക്കുവാൻ കേന്ദ്ര വാണിജ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ചമൂലം കടക്കെണിയിലായ ചെറുകിട കർഷകർ

205 (3491) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വിലത്തകർച്ചമൂലം കടക്കെണിയിലായ ഇടത്തരം ചെറുകിട കർഷകർക്ക് റബ്ബർ ബോർഡിൽനിന്നും സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; നിലവിൽ ലഭിക്കുന്ന സഹായം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കാനും ഇറക്കുമതി നിയന്ത്രിക്കാനും കേന്ദ്ര സർക്കാരിന്മേൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) റബ്ബർ പരമ്പരാഗതമായി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ റബ്ബർ കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 25,000 രൂപയും പരമ്പരാഗതമല്ലാത്ത സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 35,000 രൂപ നിരക്കിലും റബ്ബർ ബോർഡ് സബ്സിഡി നൽകുന്നു.

(ബി) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാർ ഇടപെടുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ റബ്ബർ ഇറക്കുമതി തടയുക, റബ്ബർഷീറ്റിന്റേയും റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക, ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly